# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3343 — 22.08.2017 ൽ മറുപടിയ്ക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം കൊണ്ടുള്ള നേട്ടങ്ങൾ

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരണം കൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; | (എ) പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് കെ.എ.എസ് നടപ്പിലാക്കുന്നത്.<br><br>വികസനരംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ, പദ്ധതി നിർവ്വഹണ തലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും ഇതര വകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും കെ.എ.എസ് രൂപീകരിക്കുന്നതിലൂടെ മാറ്റിക്കൊണ്ടു വരാൻ കഴിയും. |

| | | | |
|---|---|---|---|
| (ബി) | നിലവിലെ ജീവനക്കാരുടെ പ്രൊമോഷനെ ഇത് ബാധിക്കുമോ; കെ.എ.എസ്. കേഡറിനായി പുതിയ തസ്തികകൾ അനുവദിക്കേണ്ടി വരുമോയെന്നും ഇത് നടപ്പിലാക്കു മ്പോൾ സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമോയെന്നും വ്യക്തമാക്കാമോ; | (ബി) | കെ.എ.എസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസ് രൂപീകരണം പുരോഗമിക്കുന്നു. ജീവനക്കാരുടെ സംഘടനയുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ കമ്മിറ്റി ഇക്കാര്യത്തിൽ 17.08.2017 ൽ ചർച്ച നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിലവിൽ പാലിക്കേണ്ട സർക്കാർ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ അന്തിമതീരുമാനമെടുക്കുന്നതാണ്. |
| (സി) | പോലീസ്, വനം എന്നീ വകുപ്പു കളിലെ രണ്ടാം ഗസറ്റഡ് തസ്തികയിലേക്ക് നേരിട്ട് നിയമനം നൽകിയിരുന്നത് നിർത്തലാക്കിയ തിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ